ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:27.05.2025

## പ്രധാനവാർത്തകൾ

1. രാജ്യത്തെ പരമോന്നത ബഹുമതികളായ പത്മ പുരാസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് ന്യൂഡൽഹിയിൽ വിതരണം ചെയ്യും.

2. സംസ്ഥാനത്ത് കാലവർഷക്കെടുതി രൂക്ഷം: 14 ജില്ലകളിലും മഴ മുന്നറിയിപ്പ്. പ്രധാന നദികളിൽ ജലനിരപ്പ് ഉയരുന്നു. മലയോര മേഖലയിൽ കർശന ജാഗ്രത.

3. കനത്ത മഴ തുടരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തുടനീളം നാലായിരത്തോളം ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കിയതായി മന്ത്രി കെ.രാജൻ.

4. കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നിർമിക്കുന്ന ആലുവ ഹൈ ടെക് മാർക്കറ്റ് സമുച്ചയത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തറക്കല്ലിടും.

5. കൊച്ചി തീരത്ത് മുങ്ങിയ ചരക്ക് കപ്പലിൽ നിന്നുള്ള കണ്ടെയ്നറുകൾ തിരുവനന്തപുരത്തും കരയ്ക്കടിഞ്ഞു. ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം.

RNU TVPM

6. ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് ലക്നൗ സൂപ്പർ ജെയ്ന്റ്സ് , റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായി ഏറ്റുമുട്ടും.

**************************************************************

## രാഷ്ട്രപതി

രാജ്യത്തെ പരമോന്നത ബഹുമതികളായ പത്മ പുരസ്കാരങ്ങൾ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിതരണം ചെയ്യും. ഇന്ന് വൈകുന്നേരം രാഷ്ട്രപതി ഭവനിൽ നടക്കുന്ന രണ്ടാമത് സിവിൽ ഇൻവെസ്റ്റിച്ചർ ചടങ്ങിലാണ് പത്മ വിഭൂഷൺ, പത്മ ഭൂഷൺ, പത്മ ശ്രീ എന്നീ വിഭാഗങ്ങളിലെ 68 പുരസ്കാരങ്ങൾ രാഷ്ട്രപതി സമ്മാനിക്കുന്നത്. ഈ വർഷം പ്രഖ്യാപിച്ച 139 പത്മ പുരസ്കാരങ്ങളിൽ 71 എണ്ണം നേരത്തെ നടന്ന ആദ്യ സിവിൽ ഇൻവെസ്റ്റിച്ചർ ചടങ്ങിൽ രാഷ്ട്രപതി സമ്മാനിച്ചിരുന്നു.

RNUTVPM

**************************************************************

## സർവ്വകക്ഷി പ്രതിനിധി സംഘം

പാകിസ്ഥാൻ പിന്തുണയോടെ നടക്കുന്ന ഭീകരവാദത്തിന് എതിരെ ഇന്ത്യ സ്വീകരിക്കുന്ന നിലപാട് ലോകരാജ്യങ്ങളെ അറിയിക്കുന്നതിനുള്ള സർവകക്ഷി പ്രതിനിധി സംഘത്തിന്റെ വിദേശപര്യടനം തുടരുന്നു.കോൺഗ്രസ് എംപി ശശി തരൂരിന്റെ നേതൃത്വത്തിലുള്ള സർവകക്ഷി പ്രതിനിധി സംഘം ഗയാനയിൽ പ്രസിഡന്റ് മുഹമ്മദ് ഇർഫാൻ അലിയുമായി കൂടിക്കാഴ്ച നടത്തി. ജെഡിയു എംപി സഞ്ജയ് കുമാർ ഝായുടെ നേതൃത്വത്തിലുള്ള മറ്റൊരു സംഘം സിംഗപ്പൂരിലെ വിദേശകാര്യ, ആഭ്യന്തര സഹമന്ത്രിയെ സന്ദർശിച്ചു. അതേസമയം, ഖത്തർ സന്ദർശനം പൂർത്തിയാക്കിയ സുപ്രിയ സുലെ എംപിയുടെ നേതൃത്വത്തിലുള്ള സംഘം ഇന്ന് ദക്ഷിണാഫ്രിക്കയിലേക്ക് പുറപ്പെടും. ബിജെപി എംപി രവിശങ്കർ

പ്രസാദിന്റെ നേതൃത്വത്തിലുള്ള സർവകക്ഷി സംഘം പാരീസിൽ ഇന്ത്യൻ പ്രവാസികളുമായി കൂടിക്കാഴ്ച നടത്തി.

******************************************************************

## മഴ-സംസ്ഥാനം

സംസ്ഥാനത്ത് കാലവർഷം ശക്തി പ്രാപിക്കുന്നു. അടുത്ത നാലു ദിവസം ഇടിമിന്നലോട് കൂടിയ വ്യാപക മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ ഇന്ന് ചുവപ്പു ജാഗ്രത പ്രഖ്യാപിച്ചു. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ, പാലക്കാട്, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ ഓറഞ്ചും മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. മലയോര മേഖലയിൽ കർശന ജാഗ്രത. കോട്ടയം ജില്ലയിലെ മീനച്ചിൽ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ ഓറഞ്ച് ജാഗ്രതയും പ്രളയ സാധ്യത മുന്നറിയിപ്പ് നല്ഡകിയിട്ടുണ്ട്.

മോശം കാലാവസ്ഥ കണക്കിലെടുത്ത് ഈ മാസം 30 വരെ കേരള, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനം പാടില്ലെന്നും മുന്നറിയിപ്പ്.

RNU TVPM

******************************************************************

## കെ.രാജൻ

സംസ്ഥാനത്ത് മഴ തുടരുന്ന സാഹചര്യത്തിൽ നാലായിരത്തോളം ദുരിതാശ്വാസ ക്യാമ്പുകൾ സജ്ജമാക്കിയിട്ടുണ്ടെന്ന് മന്ത്രി കെ.രാജൻ. ആറു ലക്ഷത്തിലധികം ജനങ്ങളെ പാർപ്പിക്കാൻ സൗകര്യമുള്ള ക്യാമ്പുകളാണ് സംസ്ഥാനത്തുടനീളം

ക്രമീകരിച്ചിരിക്കുന്നത്. മഴക്കാലത്ത് രോഗങ്ങൾ പടരാൻ സാധ്യതയുള്ളതിനാൽ അസുഖമുള്ളവരെ താമസിപ്പിക്കാൻ ക്യാമ്പുകളിൽ പ്രത്യേക സജ്ജീകരണങ്ങൾ ഒരുക്കിയിട്ടുണ്ടെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. സംസ്ഥാനത്ത് പരക്കെ മഴ കിട്ടിയിട്ടുണ്ട്. സംസ്ഥാനത്ത് 586 വീടുകൾ ഭാഗികമായും21 വീടുകൾ പൂർണമായും തകർന്നുവെന്നാണ് പ്രാഥമിക കണക്കെന്നും മന്ത്രി വ്യക്തമാക്കി.

*****************************************************************

**കോഴിക്കോട് -മഴ (ഇൻട്രോ)**

ദിവസങ്ങളായി തുടരുന്ന കനത്ത കാറ്റിലും മഴയിലും കോഴിക്കോട് ജില്ലയിൽ വ്യാപക നാശനഷ്ടം. റയിൽവേ ട്രാക്കിൽ മരം വീണ് ട്രെയിൻ ഗതാഗതം തടസ്സപ്പെട്ടതിനെ തുടർന്ന് സ്ഥലത്ത് ഫയർ ഫോഴ്സും റയിൽവെ അധികൃതരും മരം മുറിച്ച് മാറ്റി ഗതാഗതം പുനഃസ്ഥാപിച്ചു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി **നസീർ ബാബു.**

(വോയിസ്)

RNI TVPM

*****************************************************************

**മലപ്പുറം-മഴ**

ശക്തമായ മഴയിൽ മലപ്പുറത്ത് ഏറനാട് താലൂക്കിൽ ഗ്രാമീണ മേഖലയിൽ വൻ നാശം. മിക്കയിടത്തും മരച്ചില്ലകളും മരങ്ങളും വീണ് ലൈനുകൾ പൊട്ടി. മരങ്ങൾ വീണ് വീടുകൾക്കും നാശമുണ്ട്. ചാലിയാർ കരകവിഞ്ഞതോടെ ഊർങ്ങാട്ടിരി, അരീക്കോട്, കാവനൂർ വില്ലേജ് പരിധികളിൽ കൃഷിയിടങ്ങളിലും വെള്ളംകയറി. പുഴകളിൽ ജലനിരപ്പ് ഉയർന്നു. ചാലിയാർ

പുഴയിലെ നാല് റിവർ ഗേജ് സ്റ്റേഷനുകളിലും ജലനിരപ്പ് ഉയർന്നതായി രേഖപ്പെടുത്തി.

*************************************************************

<u>കാസർഗോഡ്-മഴ (ഇൻട്രോ)</u>

കാസർഗോഡ് ജില്ലയിൽ നാലു ദിവസമായി പെയ്യുന്ന കനത്ത മഴ ഇന്നും ശക്തിയായി തുടരുന്നു. കഴിഞ്ഞ 9 ദിവസത്തിനുള്ളിൽ 1.20 കോടി രൂപയുടെ നാശനഷ്ടമാണ് ജില്ലയിലുണ്ടായത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി **പി.ജഗന്നിവാസൻ....**

(വോയിസ്)

*************************************************************

<u>ആലപ്പുഴ -മഴ</u>

കനത്ത മഴയിൽ കിഴക്കൻ മഴവെള്ളത്തിന്റെ വരവോടെ കുട്ടനാട്ടിലും അപ്പർ കുട്ടനാട്ടിലും ജലനിരപ്പ് ഉയർന്നു. ഇവിടെ നിരവധി വീടുകൾ വെള്ളത്തിലാണ്. താഴ്ന്ന പ്രദേശങ്ങളും റോഡുകളും വെള്ളം കയറിയ നിലയിലാണ്. ഇന്നലെ ജില്ലയിൽ 12 വീടുകൾ പൂർണമായും 141 വീടുകൾ ഭാഗികമായും തകർന്നു.

*************************************************************

<u>ഇടുക്കി -മഴ (ഇൻട്രോ)</u>

ഇടുക്കിയിൽ രണ്ട് ദിവസമായി തുടരുന്ന മഴയ്ക്ക് ഇന്ന് നേരിയ ശമനം. വൈകുന്നേരത്തോടെ മഴ ശക്തമാകാൻ സാധ്യതയുള്ളതിനാൽ അപകടങ്ങൾ ഒഴിവാക്കാനായി ജില്ലാ ഭരണകൂടത്തിൻ്റെ ജാഗ്രതാ നിർദ്ദേശം തുടരുകയാണ്.

PNU TVPM

വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി **രതീഷ് കൃഷ്ണ....**

(വോയിസ്)

*****************************************************************

## <u>ആലുവ ഹൈടെക് മാർക്കറ്റ്</u>

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി 50 കോടി രൂപ ചെലവിൽ നിർമിക്കുന്ന ആലുവ ഹൈ ടെക് മാർക്കറ്റ് സമുച്ചയത്തിന് ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ തറക്കല്ലിടും. നാല് നിലകളിലായി ഒരു ലക്ഷത്തി 80,000 ത്തിലധികം ചതുരശ്ര അടിയിൽ നിർമിക്കുന്ന മാർക്കറ്റിൽ 88 കടകൾ ഉണ്ടാകും. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ, മന്ത്രിമാരായ സജി ചെറിയാൻ, പി രാജീവ് തുടങ്ങിയവർ പങ്കെടുക്കും.

RNU TVPM

*****************************************************************

## <u>കൊച്ചി-ചരക്ക് കപ്പൽ (ഇൻട്രോ)</u>

കൊച്ചി തീരത്ത് ചരക്ക് കപ്പൽ മുങ്ങിയതിനെ തുടർന്ന് കണ്ടെയ്നറുകൾ തിരുവനന്തപുരത്തെ കടൽതീരങ്ങളിൽ അടിഞ്ഞു. ഇതിനെതുടർന്ന് അധികൃതർ ജനങ്ങൾക്ക് ജാഗ്രതാ നിർദേശം നൽകി.

വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി **രെജു കോലിയക്കോട്......**

(വോയിസ്)

*****************************************************************

## ഐ.പി.എൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് നടക്കുന്ന മത്സരത്തിൽ ലക്നൗ സൂപ്പർ ജെയ്ന്റ്സ് , റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവുമായി ഏറ്റുമുട്ടും. രാത്രി 7.30 ന് ലക്നൗവിലാണ് മത്സരം.

ഇന്നലെ നടന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസിനെ പരാജയപ്പെടുത്തി പഞ്ചാബ് കിങ്സ് ഒന്നാം ക്വാളിഫയർ യോഗ്യത നേടി.

*******************************************************

## പത്തനംതിട്ട -മൂഴിയാർ ഡാം

പത്തനംതിട്ട ജില്ലയിലെ മൂഴിയാർ ഡാമിന്റെ വൃഷ്ടി പ്രദേശത്ത് ശക്തമായ മഴ തുടരുന്നതിനാൽ ഡാമിലെ ജലനിരപ്പ് ഉയർന്ന് റെഡ് അലർട്ട് ലെവലിൽ എത്തി. ജലനിരപ്പ് ഇനിയും ഉയരുന്ന സാഹചര്യത്തിൽ ഡാമിൻ്റെ ഷട്ടറുകൾ ഉയർത്തി നിശ്ചിത അളവിൽ ജലം കക്കാട്ട് ആറിലേക്ക് ഒഴുക്കി വിടുന്നതിനാൽ മൂഴിയാർ ഡാം മുതൽ കക്കാട് പവർ ഹൗസ് വരെയുള്ള ഇരുകരകളിൽ താമസിക്കുന്നവർ ജാഗ്രതാ പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

RNUTVPM

*******************************************************

## കണ്ണൂർ -മഴ

കാലവർഷക്കെടുതിയിൽ കണ്ണൂർ ജില്ലയിൽ ഏകദേശം നാലര കോടിയോളം രൂപയുടെ കൃഷി നാശം ഉണ്ടായി. 102 ഹെക്ടറോളം സ്ഥലത്താണ് കൃഷിനാശം ഉണ്ടായത്. നാലായിരത്തി 619 കർഷകരെ ബാധിച്ചു. റബ്ബർ, തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ കർഷകരെയാണ് കൂടുതൽ ബാധിച്ചത്.

**************************************************************

## ഓഹരി

രാജ്യത്തെ ഓഹരി വിപണികൾ ഇന്ന് ഇടിവോടെയാണ് വ്യാപാരം തുടങ്ങിയത്. ആദ്യ വ്യാപാരത്തിൽ ബോംബെ ഓഹരി സൂചിക സെൻസെക്സ് 773 പോയിന്റ് കുറഞ്ഞ് എൺപത്തി ഓരായിരത്തി 403 ലും ദേശീയ സൂചിക നിഫ്റ്റി 214 പോയിന്റ് കുറഞ്ഞു ഇരുപത്തിനാലായിരത്തി 786 ലും എത്തി.

സ്വർണവിലയിൽ വർധന. ഗ്രാമിന് 45 രൂപ വർധിച്ച് എണ്ണായിരത്തി 995 രൂപയും പവന് 360 രൂപ വർധിച്ച് എഴുപത്തി ഒന്നായിരത്തി 960 രൂപയുമാണ് ഇന്നത്തെ വില.

**************************************************************************

**************************************************************************

RNU TVPM